ജലവിതരണം മുടങ്ങും

തിരുവനന്തപുരം

കേശവദാസപുരം, ഉള്ളൂർ റോഡിൽ ഉള്ളൂർ പാലത്തിന് സമീപം പ്രധാന കുടിവെള്ള പൈപ്പ് ലൈനിലെ ചോർച്ച പരിഹരിക്കുന്നതിനാൽ ഞായർ രാവിലെ ഒമ്പത് മുതൽ തിങ്കൾ രാവിലെ ആറുവരെ ജലവിതരണം തടസ്സപ്പെടും. കേശവദാസപുരം, പട്ടം, പരുത്തിപ്പാറ, ഉള്ളൂർ, മെഡിക്കൽ കോളേജ് പ്രദേശത്താണ് തടസ്സപ്പെടുക.

കുടുംബ സംഗമം

തിരുവനന്തപുരം

പുന്നയ്ക്കാമുകൾ റെസിഡന്റ്സ് അസോസിയേഷൻ വാർഷികവും കുടുംബ സംഗമവും മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ സുകുമാരൻ അധ്യക്ഷനായി. ഡോ. ജ്യോതിദേവ് കേശവദേവ് കുടുംബ ഡയറക്ടറി പ്രകാശിപ്പിച്ചു. കവിത വിശ്വനാഥ് വിദ്യാഭ്യാസ അവാർഡുകൾ സമ്മാനിച്ചു. കൗൺസിലർ പി വി മഞ്ജു, വി വിജയൻനായർ, എം ശശിധരൻ നായർ എന്നിവർ സംസാരിച്ചു.

സെവൻസ് ഫുട്ബോളിന് തുടക്കമായി

തിരുവനന്തപുരം

ഐടി ജീവനക്കാരുടെ ക്ഷേമ സംഘടന പ്രതിധ്വനി സംഘടിപ്പിക്കുന്ന 'റാവിസ് പ്രതിധ്വനി സെവൻസ്' ഫുട്ബാൾ ടൂർണമെന്റിന് ടെക്നോപാർക്കിൽ തുടക്കമായി. ടൂർണമെന്റിന്റെ ആറാം എഡിഷനും ഐടി ജീവനക്കാരുടെ ബൈക്ക് റാലിയും സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി ഉദ്ഘാടനം ചെയ്തു. നിലവിലെ ചാമ്പ്യന്മാരായ യുഎസ്ടിയുടെ തിരുവനന്തപുരം സെന്റർ ഹെഡ് ശിൽപ്പ മേനോനിൽനിന്ന് ടൂർണമെന്റ് എവർറോളിങ് ട്രോഫി ഷറഫലി ഏറ്റുവാങ്ങി. റാവിസ് ഹോട്ടൽ ഗ്രൂപ്പിന്റെയും യൂഡി പ്രൊമോഷൻസിന്റെയും സഹകരണത്തോടെയാണ് ടൂർണമെന്റ്. ആദ്യ റൗണ്ട് മത്സരങ്ങൾ ശനിയാഴ്ച തുടങ്ങും. ലീല അഷ്ടമുടി മാനേജർ സാം കെ ഫിലിപ്പ്, എൻ നാഗരാജൻ, രാജേഷ് ഘോഷ്, വി പി രജിത്, കെ പി സനീഷ്, കെ പി അഖിൽ, എം റബീഷ് എം പി, അജിൻ തോമസ്, വിശാഖ് ഹരി എന്നിവർ സംസാരിച്ചു. ജൂലൈ 19 വരെ നീളുന്ന ടൂർണമെന്റിന്റെ ആദ്യ റൗണ്ട് മത്സരങ്ങൾ ശനിയാഴ്ച ടെക്നോപാർക് ഗ്രൗണ്ടിൽ ആരംഭിക്കും.

ലിറ്ററേച്ചർ ഫെസ്റ്റിവലിന് നാളെ തുടക്കം

തിരുവനന്തപുരം

യുവധാര ജില്ലാതല യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഞായറാഴ്ച തുടക്കമാകും. രാവിലെ പത്തിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചെയ്യും. 19 ബ്ലോക്ക് കേന്ദ്രങ്ങളിൽ നടന്ന ഫെസ്റ്റിവലിലെ ജേതാക്കൾ പങ്കെടുക്കും. ഞായർ, തിങ്കൾ ദിവസങ്ങളിലാണ് ഫെസ്റ്റിവൽ. കഥാരചന, കവിതാരചന, ഉപന്യാസം, കവിതാലാപനം, നാടൻപാട്ട്, ക്വിസ് മത്സരം, പ്രസംഗം എന്നിവയുണ്ടാകും. മ്യൂസിക് ബാന്റ്, തെരുവുനാടകം, നാടൻ പാട്ട് എന്നിവയ്ക്ക് ശനി രാത്രി എട്ട് വരെ നേരിട്ട് രജിസ്റ്റർ ചെയ്യാം. ഫോൺ: 9961064791, 8606392312.

ഇന്നത്തെ പരിപാടി

മലയിൻകീഴ് ജങ്ഷൻ എൻജിഒ യൂണിയൻ സെമിനാർ. ഉദ്ഘാടനം ഡോ. വിജു കൃഷ്ണൻ. വൈകിട്ട് നാലിന്.

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് 39–ാമത് കോൺവെക്കേഷൻ. പകൽ 10ന്.

ശാന്തിഗിരി ആശ്രമം നവഒലി ജ്യോതിർദിനം, ജ്യോതിർദിന സമ്മേളനം. മന്ത്രി ജി ആർ അനിൽ. പകൽ 2.30ന്.

തമ്പാനൂർ അപ്പോളോ ഡിമോറ ഡബ്ല്യു20 കേരള കോൺക്ലേവ് സമാപനം. വൈകിട്ട് 3ന്.

സെക്രട്ടറിയറ്റ് വളപ്പിൽ വേലുത്തമ്പി ദളവയുടെ പ്രതിമയ്ക്കുമുന്നിൽ പുഷ്പാർച്ചന. രാവിലെ 9.30ന്.

തൈയ്ക്കാട് പി എൻ പണിക്കർ ഫൗണ്ടേഷൻ സംവാദം. 'ഇലക്ട്രോപ്പതി'. വൈകിട്ട് 4ന്.

തേക്കുംമൂട് വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റ് ഹാൾ ക്രിയേറ്റീവ് ഡോക്യുമെന്ററി ഫിലിം നിർമാണ ശിൽപ്പശാല. രാവിലെ 9.30ന്.

ചാനൽ സിനിമ

ഏഷ്യാനെറ്റ്
9.00 12th മാൻ
3.00 തീർപ്പ്

ഏഷ്യാനെറ്റ് മൂവീസ്
7.00 കിലുക്കം
10.00 താന്തോന്നി
1.00 നരൻ
4.00 വെട്ടം
7.00 ന്നാ താൻ കേസു കൊട്
10.00 ട്വന്റി വൺ ജിഎംഎസ്

സൂര്യ
8.30 ഏകലവ്യ
2.30 ദി ഗ്രേറ്റ് ഫാദർ

സൂര്യ മൂവീസ്
7.00 ഹായ് ഐ ആം ടോണി
10.00 കൃഷ്ണ
1.00 ജോ & ദി ബോയ്
4.00 ഡാഡികൂൾ
7.00 പാവാട

അമൃത
8.00 ഗൃഹപ്രവേശം
12.30 ആദ്യത്തെ കൺമണി
3.00 അങ്കമാലി ഡയറീസ്

■ മുട്ടട ഉപതെരഞ്ഞെടുപ്പ്

എൽഡിഎഫ് പ്രചാരണം ഊർജിതം

പേരൂർക്കട

മുട്ടട ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് പ്രചാരണം ഊർജിതം. സിപിഐ എം ലോക്കൽ കമ്മിറ്റി അംഗം അജിത് രവീന്ദ്രനാണ് സ്ഥാനാർഥി. ചുവരെഴുത്തും പ്രചാരണ പ്രവർത്തനങ്ങളും ആദ്യഘട്ടം പൂർത്തിയായി. വാർഡിൽ പ്രമുഖ വ്യക്തികളെ വീടുകളിൽ സന്ദർശിച്ച് വോട്ടഭ്യർഥിച്ചു. ഞായറാഴ്ച എൽഡിഎഫ് വാർഡ് പ്രവർത്തകയോഗം ചേരും.

തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി ബൂത്ത്തല പ്രവർത്തക യോഗങ്ങൾ ചേരും. വാർഡ് കൺവൻഷൻ 11–ാം തീയതി മുട്ടട സേവാഗിരി ഹാളിൽ ചേരും. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

സ്റ്റാച്യുവിൽ കൺസ്യൂമർഫെഡ് സ്റ്റുഡന്റ്സ് മാർക്കറ്റ്

തിരുവനന്തപുരം

കൺസ്യൂമർഫെഡ് തിരുവനന്തപുരം സ്റ്റാച്യുവിൽ ആരംഭിച്ച സ്റ്റുഡന്റ്സ് മാർക്കറ്റ് കൺസ്യൂമർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ലേഖ സുരേഷ് ഉദ്ഘാടനം ചെയ്തു. ത്രിവേണി നോട്ട് ബുക്കുകൾ, വിദ്യാർഥികൾക്ക് ആവശ്യമായ വിവിധ കമ്പനികളുടെ സ്കൂൾ, കോളേജ് ബാഗുകൾ, ടിഫിൻ ബോക്സുകൾ, വാട്ടർ ബോട്ടിലുകൾ, കുടകൾ, മറ്റു പഠനോപകരണങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ ലഭിക്കും. റീജണൽ മാനേജർ ഐ ലൈലാമോൾ, ലൈസൺ ഓഫീസർ പി ആർ രാജേഷ് എന്നിവരും സംസാരിച്ചു.

സഹകരണ സംഘം തെരഞ്ഞെടുപ്പ്; സിപിഐ എം പാനലിന് എതിരില്ല

വിളപ്പിൽ

എം രാജേന്ദ്രൻ (പ്രസിഡന്റ്)

വെള്ളനാട് റൂറൽ ഹൗസിങ് സഹകരണ സംഘം തെരഞ്ഞെടുപ്പിൽ സിപിഐ എം പാനലിന് എതിരില്ലാതെ വിജയം. എം രാജേന്ദ്രൻ, എസ് മോഹനൻ, കെ എസ് കിഷോർ കുമാർ, ജി ശ്രീനാഥ്, എസ് രാജേന്ദ്രൻ, കെ ബി പ്രിത, പി വി അഞ്ജു, ആരാധന വാസുദേവൻ, ജി നാണുക്കുട്ടൻ എന്നിവരാണ് ഭരണസമിതി അംഗങ്ങൾ. സിപിഐ എം വിളപ്പിൽ ഏരിയ കമ്മിറ്റി അംഗം എം രാജേന്ദ്രനെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

കിളിക്കൂട്ടം വേനലവധിക്കാല ക്യാമ്പ്

തിരുവനന്തപുരം

ശിശുക്ഷേമ സമിതിയുടെ കിളിക്കൂട്ടം വേനലവധിക്യാമ്പിൽ കുട്ടികളുമായി സംവദിക്കാനെത്തിയ സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം എം എ ബേബിയെ ആഹ്ലാദപൂർവം വരവേൽക്കുന്ന കുട്ടികൾ

കളിയും ചിരിയുമായി ശിശുക്ഷേമ സമിതിയുടെ കിളിക്കൂട്ടം വേനലവധിക്കാല ക്യാമ്പ്. വെള്ളിയാഴ്ച സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം എം എ ബേബി കുട്ടികളുമായി സംവദിച്ചു.

വൈക്കം മുഹമ്മദ് ബഷീറിന്റെയും ലിയോ ടോൾസ്റ്റോയിയുടെയും കഥകൾ പറഞ്ഞ് ചിരിപ്പിച്ചും ചിന്തകൾ പകർന്നു നൽകിയും എം എ ബേബിയുടെ ക്ലാസ് കുട്ടികൾക്ക് നവ്യാനുഭവമായി. കുട്ടികളുടെ കുഞ്ഞറിവുകളും കൗതുകങ്ങളും കുസൃതികളും പങ്കുവയ്ക്കുന്നതിനുള്ള വേദി കൂടിയായി ക്യാമ്പ് മാറി.

ജോസഫ് വിൽസൺ കുട്ടികൾക്കായി മിമിക്രി അവതരിപ്പിച്ചു. ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അരുൺ ഗോപി, പി സുമേഷൻ, മീര ദർശക്, കെ ജയപാൽ, ഒ എം ബാലകൃഷ്ണൻ, എം കെ പശുപതി, യേശുദാസ് പറപ്പിള്ളി, എൻ എസ് വിനോദ് എന്നിവർ സംസാരിച്ചു.

വേനൽത്തുമ്പികൾ പര്യടനം പൂർത്തിയാക്കി

വഞ്ചിയൂർ

വേനൽത്തുമ്പി വഞ്ചിയൂർ ഏരിയയിലെ കലാജാഥയിൽ പങ്കെടുത്തവർ

ബാലസംഘം വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ വേനൽത്തുമ്പി കലാജാഥ സമാപിച്ചു. അഞ്ചു ദിവസമായി ഏരിയയിലെ ഒമ്പത് ലോക്കൽ കേന്ദ്രങ്ങളിലും പര്യടനം പൂർത്തിയാക്കി. ശംഖുംമുഖത്ത് ചേർന്ന സമാപനയോഗം ശിശു ക്ഷേമ സമിതി ട്രഷറർ എൽ എസ് സുദർശനൻ ഉദ്ഘാടനം ചെയ്തു. ഏരിയ മുഖ്യ രക്ഷാധികാരി സി ലെനിൻ, ഏരിയ കൺവീനർ പ്രേമൻ തോപ്പിൽ, നയൻ രാജ്, അനുജ, ഡി സുദർശനൻ, ക്ലൈനസ് റൊസാരിയോ, രവീന്ദ്രൻ, ജയശ്രീ ഗോപി, ജോയി തുടങ്ങിയവർ പങ്കെടുത്തു.

എഡിഎസ് വാർഷികം

നേമം

കുടുംബശ്രീ പാപ്പനംകോട് എഡിഎസ് വാർഷികം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. എഡിഎസ് ചെയർപേഴ്സൺ ഷീബ അധ്യക്ഷയായി. സെക്രട്ടറി പി ശാന്തമ്മ റിപ്പോർട്ട് അവതരിപ്പിച്ചു. സിഡിഎസ് ചെയർപേഴ്സൺ പി ബീന, ഹേമ, അഡ്വ. സി സിന്ധു, കെ പ്രസാദ്, വിജയലക്ഷ്മി, ഹസീന, പ്രവിത, പത്മജ, രജനി, ലീന എന്നിവർ സംസാരിച്ചു.

പോക്സോ കേസ് പ്രതിക്ക് 6 വർഷം തടവും പിഴയും

വർക്കല

പോക്സോ കേസിൽ പ്രതിക്ക് ആറുവർഷത്തെ തടവിന് ശിക്ഷിച്ച് വർക്കല അതിവേഗ കേടതി. കായിക്കര മൂലൈത്തോട്ടം കടപ്പുറം വീട്ടിൽ എസ് പി എന്നപേരിൽ അറിയപ്പെടുന്ന സുദർശൻ (61) ആണ് ആറു വർഷത്തെ തടവും 30,000 രൂപ പിഴയും ശിക്ഷയായി വർക്കല അതിവേഗ പ്രത്യേക കോടതി ജഡ്ജി ആർ രേഖ വിധിച്ചത്. പിഴത്തുക അതിജീവിതയ്ക്ക് നൽകാനും കോടതി വധിച്ചു.

വീട്ടിൽ അതിക്രമിച്ച് കയറിയതിന് ഇന്ത്യൻ ശിക്ഷാ നിയമം പ്രകാരം രണ്ട് വർഷം തടവും 5000 രൂപ പിഴയും കുട്ടികളോടുള്ള അതിക്രമം തടയൽ നിയമപ്രകാരം നാല് വർഷം തടവും 25,000 രൂപ പിഴയുമാണ് ശിക്ഷ. രണ്ടു ശിക്ഷയും ഒരുമിച്ചനുഭവിച്ചാൽ മതിയെന്നതിനാൽ പ്രതിക്ക് ആറ് വർഷത്തെ തടവും പിഴയുമാണ് അനുഭവിക്കേണ്ടത്. പിഴ ഒടുക്കാതിരുന്നാൽ നാല് മാസത്തെ അധികം തടവും ലഭിക്കും. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ പി ഹേമചന്ദ്രൻ നായർ, ശാലിനി, ദിവ്യ എന്നിവർ അതിജീവിതയ്ക്കായി ഹാജരായി.

പെപ്സിയിൽ മരുന്നുകലർത്തി നൽകി യുവാവിന്റെ സ്വർണവും പണവും കവർന്നവർ അറസ്റ്റിൽ

തിരുവനന്തപുരം

■ 5 പവന്റെ മാലയും ഒന്നര പവന്റെ മോതിരവും 3000 രൂപയുമാണ് കവർന്നത്

സിന്ധു മുഹമ്മദ് ഹാജ

പെപ്സിയിൽ മയക്കുമരുന്നു നൽകി യുവാവിൽനിന്ന് സ്വർണവും പണവും കവർന്നവർ അറസ്റ്റിൽ. കുന്നുകുഴി ബാർട്ടൺ ഹിൽ കോളനിയിൽ സിന്ധു (34), വള്ളക്കടവ് പുതുവൽ പുത്തൻവീട്ടിൽ മുഹമ്മദ് ഹാജ (29) എന്നിവരാണ് പിടിയിലായത്. ഇരുവരെയും റിമാൻഡുചെയ്തു.

ഏപ്രിൽ 21ന് പുലർച്ചെയാണ് സംഭവം. ഗൾഫിൽനിന്ന് അടുത്തിടെ മടങ്ങിയെത്തിയ വെട്ടുകാട് സ്വദേശിക്കാണ് സ്വർണവും പണവും നഷ്ടമായത്. കിഴക്കേകോട്ട ഭാഗത്തുവച്ച് സിന്ധു ഇയാളെ വശീകരിച്ച് മെഡിക്കൽ കോളേജിനു സമീപത്തെ ലോഡ്ജിലെത്തിച്ചു. ഓട്ടോയിൽവച്ചു തന്നെ പെപ്സിയിൽ മയക്കുമരുന്ന് രഹസ്യമായി കലർത്തി യുവാവിന് നൽകി. ലോഡ്ജിലെത്തുമ്പോഴേക്കും യുവാവ് മയക്കത്തിലായി. ലോഡ്ജിൽവച്ച് വീണ്ടും മയക്കുമരുന്നു നൽകി പൂർണമായി മയക്കിയശേഷമാണ് കവർച്ച.

5 പവന്റെ മാലയും ഒന്നര പവന്റെ മോതിരവും 3000 രൂപയുമാണ് മുഹമ്മദ് ഹാജയ്ക്കൊപ്പം ചേർന്ന് കവർന്നത്. മയങ്ങിക്കിടന്ന യുവാവിനെ മുറിയിൽനിന്ന് പുറത്ത് കിടത്തിയ ഇരുവരും മറ്റൊരു വാഹനത്തിൽ സ്ഥലം വിടുകയായിരുന്നു.

യുവാവ് പിന്നീട് മെഡിക്കൽ കോളേജ് സ്റ്റേഷനിലെത്തി പരാതിനൽകി. തമിഴ്നാട്ടിലും ഗോവയിലും വിവിധ സ്ഥലങ്ങളിൽ ഒളിവിൽ കഴിഞ്ഞ പ്രതികളെ പ്രത്യേക അന്വേഷക സംഘം തമിഴ്നാട്ടിൽനിന്നാണ് പിടികൂടിയത്. നാഗർകോവിലിലെ ധനകാര്യ സ്ഥാപനത്തിൽനിന്ന് സ്വർണാഭരണങ്ങൾ വീണ്ടെടുത്തു. പ്രതികൾ നേരത്തേയും സമാനമായ കുറ്റംചെയ്ത് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. കവർച്ചയ്ക്കിരയാകുന്നവർ നാണക്കേടുകാരണം പരാതി നൽകാറില്ല.

തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി പൊലീസ് കമീഷണർ അജിത്തിന്റെ നിർദേശത്തിൽ ഇൻസ്പെക്ടർ പി ഹരിലാലിന്റെ നേതൃത്വത്തിൽ സി പി പ്രശാന്ത്, പ്രിയ, ലഞ്ചുലാൽ, അനിൽ കുമാർ, റിഷാദ്, ബിജു, പ്രസാദ്, യശോധരൻ, വിനോദ് എന്നിവരാണ് പ്രതികളെ പിടികൂടിയത്.

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിന്റെ പാളയം ബ്ലോക്കുതല മത്സരങ്ങളുടെ സമാപനയോഗം വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റ്

പാളയം

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിന്റെ പാളയം ബ്ലോക്ക് മത്സരങ്ങളുടെ സമാപനയോഗം വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി വൈസ് ചെയർമാൻ എൻ മഹേഷ് അധ്യക്ഷനായി. മത്സരങ്ങളുടെ ഉദ്ഘാടനം സിനിമാ നടൻ രമേശ് കുമാർ നിർവഹിച്ചു. സീരിയൽ താരം നിൻസി സേവ്യർ, സി പ്രസന്നകുമാർ, കെ ആർ മധുസൂദനൻ, എസ് ഷാഹിൻ, എം എ വിദ്യ മോഹൻ, മനു കൃഷ്ണൻ, എ ഷാനവാസ്, എം അക്ഷയ് എന്നിവർ സംസാരിച്ചു.

ഹോസ്റ്റൽ പ്രവേശനം

കോവളം

മരുതൂർക്കോണം പട്ടം താണുപിള്ള മെമ്മോറിയൽ സെക്കൻഡറി സ്കൂളിലെ സ്പോർട്സ് ഹോസ്റ്റൽ പ്രവേശനത്തിന് അഞ്ചുമുതൽ ഒമ്പതാം ക്ലാസു വരെയുള്ള വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഫുട്ബോൾ, ക്രിക്കറ്റ്, സോഫ്റ്റ് ബോൾ തുടങ്ങിയ കായിക ഇനങ്ങളിലേക്ക് താൽപ്പര്യമുള്ള വിദ്യാർഥികൾക്ക് പ്രവേശനം നേടാം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനവും താമസവും സൗജന്യമായിരിക്കും. താൽപ്പര്യമുള്ളവരുടെ രക്ഷാകർത്താക്കൾ സ്കൂൾ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 8086649498, 8547935770.

'അനന്യ മലയാളം' പരിപാടിയുടെ കൗൺസിലർമാരുടെയും ആശാ വർക്കർമാരുടെയും യോഗം കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കൗൺസിലർമാരുടെയും ആശാ വർക്കർമാരുടെയും യോഗം

കഴക്കൂട്ടം

അതിഥിത്തൊഴിലാളികളെ മലയാള ഭാഷയിൽ സാക്ഷരരാക്കുന്നതിനുള്ള പദ്ധതിയായ 'അനന്യ മലയാളം' പരിപാടിയുടെ ഭാഗമായി കൗൺസിലർമാരുടെയും ആശാ വർക്കർമാരുടെയും യോഗം ചേർന്നു. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

കൗൺസിലർ ഡി രമേശൻ, മേടയിൽ വിക്രമൻ, എൽ എസ് ആതിര, ജിഷജോൺ, വിനോദ് വൈശാഖി, സ്റ്റാൻലി ഡിക്രൂസ്, ബിനു തുടങ്ങിയവർ പങ്കെടുത്തു. 18ന് പകൽ മൂന്നിന് ശ്രീകാര്യം ജങ്ഷനിൽ 'അനന്യ മലയാളം' പരിപാടിയുടെ സംസ്ഥാന ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

വഞ്ചിയൂർ ഏരിയ കമ്മിറ്റിയിലെ ചിന്ത, ദേശാഭിമാനി വാർഷിക വരിസംഖ്യ സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം കടകംപള്ളി സുരേന്ദ്രൻ ഏറ്റുവാങ്ങുന്നു

വാർഷിക വരിസംഖ്യ കൈമാറി

വഞ്ചിയൂർ

സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ ഒമ്പത് ലോക്കലിൽ നിന്നായി ചേർത്ത ചിന്ത, ദേശാഭിമാനി വാരികകളുടെ വാർഷിക വരിസംഖ്യ ഏറ്റുവാങ്ങി. സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം കടകംപള്ളി സുരേന്ദ്രൻ ഏരിയ സെക്രട്ടറി സി ലെനിനിൽനിന്ന് ഏറ്റുവാങ്ങി. ജില്ലാ കമ്മിറ്റി അംഗം എസ് പി ദീപക് അധ്യക്ഷനായി. ഏരിയ കമ്മിറ്റി അംഗങ്ങളായ കെ ശ്രീകുമാർ, എസ് അനിൽകുമാർ, ടി രവീന്ദ്രൻ നായർ തുടങ്ങിയവർ സംസാരിച്ചു.

സിപിഐ എം കോവളം ഏരിയ കമ്മിറ്റി ഓഫീസ് നിർമാണത്തിനുള്ള ഫണ്ട് ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങുന്നു

കെട്ടിടനിർമാണ ഫണ്ട് ഏറ്റുവാങ്ങി

കോവളം

സിപിഐ എം കോവളം ഏരിയ കമ്മിറ്റി ഓഫീസ് നിർമാണത്തിനായി ബഹുജനങ്ങളിൽനിന്നും ശേഖരിച്ച ഫണ്ട് ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങി.

കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ചെയർമാൻ പുല്ലുവിള സ്റ്റാൻലി തുടങ്ങിയവർ പങ്കെടുത്തു. വിഴിഞ്ഞം കല്ലുവെട്ടാൻകുഴിയിൽ ബൈപാസിന് സമീപമാണ് കെട്ടിടം.

ചിരിയോഗ പ്രദർശനം നാളെ

തിരുവനന്തപുരം

ലോക ചിരിദിനമായ ഞായർ രാവിലെ ഏഴിന് കനകക്കുന്നിൽ ലാഫിങ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൗജന്യ ചിരിയോഗ പ്രദർശന ക്ലാസ് നടത്തും. ഫോൺ: 9446194761.

റെയിൽവേ കൺസ്ട്രക്ഷൻ ലേബർ യൂണിയൻ നടത്തിയ ഡിആർഎം ഓഫീസ് ധർണ സിഐടിയു ജില്ലാസെക്രട്ടറി സി ജയൻബാബു ഉദ്ഘാടനം ചെയ്യുന്നു

ഡിആർഎം ഓഫീസ് ധർണ നടത്തി

തിരുവനന്തപുരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് റെയിൽവേ കൺസ്ട്രക്ഷൻ ലേബർ യൂണിയൻ ഡിആർഎം ഓഫീസ് ധർണ നടത്തി. സിഐടിയു ജില്ലാസെക്രട്ടറി സി ജയൻബാബു ഉദ്ഘാടനം ചെയ്തു.

കാലാവധികഴിഞ്ഞ സേവന–വേതന കരാർ ഉടൻ പുതുക്കുക, പ്രധാനമന്ത്രി സുരക്ഷാ ബീമായോജന ഇഎസ്ഐ, പിഎഫ് അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ. ആവശ്യങ്ങളടങ്ങിയ നിവേദനം ഡിവിഷണൽ റെയിൽവേ മാനേജർക്ക് സമർപ്പിച്ചു. ജില്ലാ സെക്രട്ടറി പി ശരത്ചന്ദ്രബാബു അധ്യക്ഷനായി. ഡിആർഇയു കേന്ദ്ര വൈസ്പ്രസിഡന്റ് എൻ പത്മകുമാർ, ബി സുശോഭനൻ, സി എസ് കിഷോർ എന്നിവർ സംസാരിച്ചു.

ലഹരിമരുന്ന് കടത്ത് സംഘത്തിലെ പ്രധാനി അറസ്റ്റിൽ

കിളിമാനൂർ

അൽ അമീൻ

എംഡിഎംഎ കേരളത്തിലേക്കെത്തിക്കുന്നവരിൽ പ്രധാനി അറസ്റ്റിൽ. നാവായിക്കുളം 28–ാം മൈൽ ചരുവിള വീട്ടിൽ അൽ അമീൻ (26) ആണ് അറസ്റ്റിലായത്. ഇയാളെ റിമാൻഡ് ചെയ്തു. ഇയാൾ ലഹരി വസ്തുക്കൾ പതിവായി വിൽപ്പനയ്ക്കെത്തിച്ച് കൊടുത്തിരുന്ന നാവായിക്കുളം സ്വദേശി അഖിൽ കൃഷ്ണനെ ലഹരി വസ്തുക്കളുമായി 10 മാസം മുൻപ് പള്ളിക്കൽ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. തുടരന്വേഷണത്തിലാണ് അൽ അമീനെക്കുറിച്ചുള്ള സൂചനകൾ ലഭിച്ചത്. ബംഗളൂരുവിൽനിന്നാണ് ഇയാൾ ലഹരി മരുന്ന് കേരളത്തിലേക്കെത്തിച്ചിരുന്നതെന്ന് പൊലീസ് പറഞ്ഞു.

പള്ളിക്കൽ എസ്എച്ച്ഒ വി കെ ശ്രീജേഷ്, എസ് ഐ സഹിൽ, ബിജു, ബിജുകുമാർ, വിനീഷ്, സുനിൽ രാജ് എന്നിവരാണ് അറസ്റ്റുചെയ്തത്.

ഐബിഎസ് കാർട്ട്രോളർ പങ്കാളിത്തം

തിരുവനന്തപുരം

ഐബിഎസിന്റെ സ്റ്റാഫ് ട്രാവൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയറായ 'ഐഫ്ളൈ സ്റ്റാഫ്' കോർപറേറ്റ് ഉപഭോക്താക്കൾക്ക് കാർ വാടകയ്ക്കെടുക്കാനും ഇൻഷുറൻസ് സേവനങ്ങൾ പ്രയോജനപ്പെടുത്താനുമായി ബിടുബി സാങ്കേതികദാതാക്കളായ കാർട്ട്രോളറുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ആഗോള യാത്രാ വ്യവസായത്തിലെ ഐബിഎസിന്റെ നോൺഎയർ പ്രവർത്തനങ്ങൾക്കുള്ള പിന്തുണ വിപുലീകരിക്കാൻ കാർട്ട്രോളറുമായുള്ള പങ്കാളിത്തം സഹായകമാകുമെന്ന് കാർട്ട്രോളർ ചീഫ് കൊമേഴ്സ്യൽ ഓഫീസർ ഐലീൻ മക്കൊർമാക് പറഞ്ഞു.

യുവാവിനെ ടിപ്പറിടിച്ച് കൊന്ന കേസിൽ ജാമ്യാപേക്ഷ തള്ളി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

യുവാവിനെ ടിപ്പറിടിച്ച് കൊലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതിയുടെ ജാമ്യാപേക്ഷ കോടതി തള്ളി. കീഴാറ്റൂർ കൊല്ലംകാലശ്യാം നിവാസിൽ ശരത്‌ലാലിന്റെ ജാമ്യാപേക്ഷയാണ് അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി കെ വിഷ്ണു തള്ളിയത്. പെരുങ്കടവിള തോട്ടവാരം കുഴിവിള മേലെ പുത്തൻവീട്ടിൽ രഞ്ജിത് ആർ രാജിനെയാണ് പ്രതി തന്റെ സഹോദരന്റെ ടിപ്പറിടിപ്പിച്ച് കൊലപ്പെടുത്തിയത്. ബുള്ളറ്റിൽ രഞ്ജിത് വരുന്നത റിഞ്ഞ് പുനയൽകോണത്ത് കാത്തുനിന്നാണ് വണ്ടിയിടിപ്പിച്ചത്.

കൊലപാതകം ഒരു സാധാരണ വാഹനാപകട കേസായി മാറ്റാനായിരുന്നു പ്രതികളുടെ ശ്രമം. 2015ൽ കോൺഗ്രസ് പ്രവർത്തകനായ വടകര ജോസിനെ കുത്തി കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് കൊല്ലപ്പെട്ട രഞ്ജിത്. ആനാവൂരിലെ ഡെൽറ്റ കമ്പനിയിൽനിന്ന് ലോഡ് എടുക്കുന്നത് സംബന്ധിച്ച് കൊല്ലപ